(ബി) ഈ രണ്ട് സബ്സ്റ്റേഷനുകളുടെയും നിർമ്മാണം ഏത് കമ്പനിയെയാണ് കരാർ ഏൽപ്പിച്ചിരുന്നത് ;

(സി) പ്രസ്തുത രണ്ട് സബ്സ്റ്റേഷനുകളുടെയും നിർമ്മാണം മാറ്റിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) ഇവയുടെ നിർമ്മാണം മാറ്റിവയ്ക്കാൻ തീരുമാനിച്ചിട്ടില്ലെങ്കിൽ ഇവയുടെ നിർമ്മാണം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചേലക്കര, മുള്ളൂർക്കര എന്നീ 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം, 'ടേൺ കീ' അടിസ്ഥാനത്തിൽ എ. ആർ. എം. ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് നൽകിയിരുന്നു. എന്നാൽ കരാർ പ്രകാരം കോൺട്രാക്ടർ പ്രവർത്തനം ആരംഭിക്കാത്തതാണ് നിർമ്മാണം സ്തംഭനത്തിലാവാൻ കാരണം.

(ബി) മെസ്സേഴ്സ് എ.ആർ.എം. ലിമിറ്റഡ്, ഹൈദരാബാദ് എന്ന കമ്പനിക്കാണ് കരാർ ഏൽപ്പിച്ചിരുന്നത്.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

(ഇ) 2004 മാർച്ചോടെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആലത്തൂരിലെ 33 കെ. വി. സബ്സ്റ്റേഷന്റെ നിലവിലുള്ള അവസ്ഥ

130 (1674) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂരിൽ പണികഴിക്കാൻ ഉദ്ദേശിച്ച 33 കെ. വി. സബ്സ്റ്റേഷന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) സബ്സ്റ്റേഷൻ പണിക്ക് എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ ; എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) തടസ്സങ്ങൾ നീക്കാൻ വൈദ്യുതിവകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സബ്സ്റ്റേഷന്റെ പണിക്കായി വകുപ്പ് എന്ത് തുക ചിലവാക്കി ; പണി തീരണമെങ്കിൽ ഇനി എത്ര തുക ആവശ്യമുണ്ട് ; ഈ തുക അനുവദിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ഇ) സബ്സ്റ്റേഷന്റെ പണി അടിയന്തിരമായി ആരംഭിച്ച് എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലത്തൂർ ഗ്രാമപഞ്ചായത്തിൽ പുതിയങ്കംദേശം എന്ന സ്ഥലത്ത് ഒരു ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. മെസ്സേഴ്സ്, ടാറ്റാ പ്രോജക്ട് ഹൈദരാബാദ് എന്ന സ്ഥാപനത്തിന് 'ടേൽകി' അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിന് കരാർ നൽകിയിട്ടുണ്ട്.

(ബി&സി) തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. പുതിയങ്കംദേശം കമ്മിറ്റിയുടെ എതിർപ്പിനെ തുടർന്ന് സബ്സ്റ്റേഷൻ നിർമ്മാണം തടസ്സപ്പെടുത്തുകയും ജില്ലാ കളക്ടർ പുതിയ സ്ഥലം കണ്ടെത്താൻ നിർദ്ദേശിക്കുകയും ചെയ്തു.

ശ്രീ. എം. വി. കെ. നായർ, ആക്ഷൻ കമ്മിറ്റി എന്ന ആളുടെ പരാതി പരിഗണിച്ച് ബഹു. ഹൈക്കോടതിയുടെ 17-6-2002-ലെ വിധിയനുസരിച്ച് സബ് സ്റ്റേഷൻ നിർമ്മാണത്തിന് അനുമതി നൽകി. കെ.എൻ.യു. അനുമതിക്കെതിരായി കർഷകർ പരാതി നൽകുകയും 30-4-2003-ലെ ഉത്തരവുപ്രകാരം ആർ.ഡി.ഒ. പാലക്കാട് കെ.എൽ. യു. അനുമതി നൽകുകയും ചെയ്തു.

(ഡി) പ്രസ്തുത സബ്സ്റ്റേഷന്റെ പണിക്കായി 123 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ഇനി 185 ലക്ഷം രൂപ ആവശ്യമുണ്ട്. പണിയുടെ പുരോഗതിയനുസരിച്ച് തുക അനുവദിക്കുന്നതാണ്.

(ഇ) കരാർ കമ്പനിയായ മെസ്സേഴ്സ്, ടാറ്റാ പ്രോജക്ട്സ് ലിമിറ്റഡ്, ഹൈദരാബാദിനോട് ജോലി പുനരാരംഭിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 2004 മാർച്ചിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മണ്ണാർക്കാട്, പെരിന്തൽമണ്ണ താലൂക്കുകളെ മെയിൻഗ്രിഡിൽ ഉൾപ്പെടുത്തുവാൻ നടപടി

131 (1675) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തിന്റെ വൈദ്യുതിയുടെ മെയിൻഗ്രിഡിൽ മണ്ണാർക്കാട്, പെരിന്തൽമണ്ണ താലൂക്കുകളെ ഉൾപ്പെടുത്തുവാൻ നടപടിയെടുത്തിട്ടുണ്ടോ ?

ഉത്തരം

സംസ്ഥാന വൈദ്യുതി ബോർഡിന്റെ 110 കെ.വി.ഗ്രിഡിൽ മണ്ണാർക്കാടും, 66 കെ.വി. ഗ്രിഡിൽ പെരിന്തൽമണ്ണയും ഉൾപ്പെടുന്നു.

ചക്കിട്ടപാറയിലുള്ള 110 കെ.വി. സബ് സ്റ്റേഷന്റെ പ്രവർത്തനം

132 (1680) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപ്പാറയിലുള്ള 110 കെ.വി സബ്സ്റ്റേഷന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly